**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5557** **24-03-2025 - ൽ മറുപടിയ്ക്ക്**

**'ആർദ്രം ആരോഗ്യം' ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 'ആർദ്രം ആരോഗ്യം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് നടന്നു വരുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ആർദ്രം മിഷന്റെ ഭാഗമായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികളുടെ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യവിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി ആദ്യഘട്ടം പൂർത്തിയാക്കി. വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാംഘട്ടം സംസ്ഥാനത്ത് ജൂൺ 2024 മുതൽ ആരംഭിക്കുകയുണ്ടായി. ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത ശൈലി എന്ന ആപ്ലിക്കേഷനിലൂടെ സംസ്ഥാനത്തെ 30 വയസ്സിനുമുകളിൽ പ്രായമുള്ള 1,81,11,775 പേരെയാണ് ഈ പദ്ധതിയിലൂടെ സർവ്വേ ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതിൽ 1,16,37,401 പേരുടെ സർവ്വേ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അതിൽ 51,32,034 പേർക്ക് ജീവിതശൈലി രോഗങ്ങളുണ്ടാകുന്നതിനുള്ള റിസ്ക്ഫാക്ടർ അഥവാ ഹേതുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2,28,122 പേർക്ക് ക്യാൻസർ രോഗ സാധ്യതയും, 2,62,482 പേർക്ക് ടി.ബി. രോഗത്തിനുള്ള സാധ്യതയും, 4,24,894 പേർക്ക് ശ്വാസകോശ രോഗ സാധ്യതയും കണ്ടെത്തിയിട്ടുണ്ട്. 15,31,307 പേർക്ക് രക്താതിമർദ്ദം ഉള്ളതായും, 10,20,627 പേർക്ക് പ്രമേഹ രോഗമുള്ളതായും, 6,93,318 പേർക്ക് പ്രമേഹവും രക്താതിമർദ്ദമുള്ളതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി 'ശൈലി' ആപ്പ് വഴി നടത്തിയ ആദ്യഘട്ട സ്ക്രീനിംഗിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും എത്ര ആളുകളെയാണ് കണ്ടെത്തിയിട്ടുള്ളത്; ഇവരെ ചികിത്സിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | ആലപ്പുഴ ജില്ലയിൽ ഒന്നാംഘട്ട ജനസംഖ്യാധിഷ്ഠിത ജീവിതശൈലി നിർണയ പരിപാടിയിൽ 10,21,922 പേരെ സ്ക്രീനിങ്ങിന് വിധേയമാക്കിയിട്ടുണ്ട്. ഇതിൽ 58,597 പേരെ രക്തസമ്മർദ്ദത്തിനായി പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 12,145 പുതിയ രോഗികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. അതുപോലെ പ്രമേഹ സാധ്യതയുള്ള 57,864 പേരെ സ്ക്രീനിങ്ങിന് വിധേയമാക്കിയപ്പോൾ 714 പേർക്ക് പുതിയതായി പ്രമേഹം കണ്ടെത്തിയിട്ടുണ്ട്. ജനകീയ |

| | | | |
|---|---|---|---|
| | | | ആരോഗ്യ കേന്ദ്രങ്ങളിൽ സ്ക്രീനിംഗ് നടത്തിയവരെ രോഗ സ്ഥിരീകരണത്തിനും ചികിത്സ ആരംഭിക്കുന്നതിനുമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ